**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **11-02-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പുഴ അണക്കെട്ടിലെ ഡ്രിപ്-2 പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ അണക്കെട്ടിൽ ഡ്രിപ്-2 പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ; | (എ) | കാഞ്ഞിരപ്പുഴ ഡാമിലെ ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് ഘട്ടം 2 പ്രവൃത്തി 07.05.24 ന് ആരംഭിച്ചു. ഗ്യാലറിയിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം, നിലവിലുള്ള കൺട്രോൾ റൂമിന്റെ സെക്യൂരിറ്റി ക്യാബിന്റെ നിർമ്മാണം, കൺട്രോൾ റൂമിനായി അധിക മുറിയുടെ നിർമ്മാണം, കൺട്രോൾ റൂമിനോട് ചേർന്ന പോർച്ചിന്റെ നിർമ്മാണം, turfing, chute ഡ്രയിനുകളുടെ നിർമ്മാണം, ഡ്രയിനിന്റെ repair, earthen ഡാമിന്റെ resectioning മുതലായവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഡ്രിപ് പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഡ്രിപ്പ് പ്രവൃത്തിയുടെ പുരോഗതിയിലുണ്ടായ കാലതാമസം സംബന്ധിച്ച് പല തവണകളിലായി കരാറുകാരന് കത്തുകൾ നൽകുകയും നഷ്ടോത്തര വാദിത്തത്തിൽ ടെർമിനേറ്റ് ചെയ്യുമെന്ന് കാണിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് നോട്ടീസ് നൽകുകയും ചെയ്തു. ആയതിന് മറുപടിയായി 2024 ഒക്ടോബർ ആദ്യവാരത്തോടെ പ്രവൃത്തി പുനരാരംഭിക്കുകയും പുതുക്കിയ മൈൽസ്റ്റോൺ ചാർട്ട് കരാറുകാരൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് പ്രവൃത്തിയുടെ പുരോഗതി കൃത്യമായി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ